# കേരള സർക്കാർ

നം: 44301/ആർ.എ.3/2008/തസ്വഭവ

തദ്ദേശ സ്വയംഭരണ (ആർ. എ) വകുപ്പ്
തിരുവനന്തപുരം, 21.08.2008.

## സർക്കുലർ

വിഷയം:- റോഡിന് കുറുകെ സ്ഥിരമായി സ്ഥാപിച്ചിട്ടുള്ള ആർച്ചുകൾ നീക്കം ചെയ്യുന്നത് - സംബന്ധിച്ച്.

പൊതുവഴികൾക്ക് തടസ്സം സൃഷ്ടിക്കുന്ന തരത്തിൽ നിർമ്മിതികൾ നടത്തുന്നത് നിരോധിച്ചുകൊണ്ടും, അപ്രകാരമുള്ള നിർമ്മിതികൾ ഒഴിവാക്കുന്നതിനും 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലും, 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമത്തിലും വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ഗതാഗത തടസ്സം സൃഷ്ടിക്കുന്ന രീതിയിലും, അപകടമുണ്ടാക്കുന്ന തരത്തിലും, റോഡുകൾക്ക് കുറുകെ സ്ഥിരമായി ആർച്ചുകൾ സ്ഥാപിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാത്തരം റോഡുകൾക്കും കുറുകെ സ്ഥിരമായി സ്ഥാപിച്ചിട്ടുള്ള മുഴുവൻ ആർച്ചുകളും ഉടൻതന്നെ നീക്കം ചെയ്യുന്നതിന് സംസ്ഥാനത്തെ എല്ലാ കോർപറേഷൻ/മുൻസിപ്പാലിറ്റി/ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും സർക്കാർ ഇതിനാൽ നിർദേശം നൽകുന്നു.

ടി. കെ. ജോസ്,
സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്തു ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എല്ലാ ജില്ലകളും) (തങ്ങളുടെ നിയന്ത്രണത്തിലുള്ള ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക് സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി നൽകി നടപടി സ്വീകരിക്കേണ്ടതാണ്).
നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർ
കൊല്ലം, കൊച്ചി, കോഴിക്കോട് (തങ്ങളുടെ നിയന്ത്രണത്തിലുള്ള മുൻസിപ്പൽ സെക്രട്ടറിമാർക്ക് സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി നൽകി നടപടി സ്വീകരിക്കേണ്ടതാണ്).
കോർപ്പറേഷൻ സെക്രട്ടറി, തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്
(അടിയന്തിര നടപടിക്ക്)
എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വ്യാപക പ്രചരണത്തിന്)
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പ്രതീക്ഷ ടവേഴ്സ്,
പാങ്ങപ്പാറ, തിരുവനന്തപുരം-695581
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും മറ്റ് സർക്കാർ
വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
സീനിയർ ടൗൺ പ്ലാനർ (വിജിലൻസ്) തദ്ദേശസ്വയം ഭരണ വകുപ്പ്.
പൊതുമരാമത്ത് വകുപ്പ്.

പകർപ്പ്: ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ. ക്ക്

തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ